**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാരാഷ്ട്രയിലെ പൂനെയിലുള്ള സർക്കാർ പരിശീലന സ്ഥാപനമായ യെഷാദയിലേക്ക് ഇടുക്കി ജില്ലാ പഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി കില സംഘടിപ്പിച്ചിട്ടുള്ള പഠന യാത്രക്ക് ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അധികമായി തുക ചെലവഴിച്ച നടപടി - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

**തദ്ദേശ സ്വയം ഭരണ (ഇ.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.4053/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 15.12.2017.

---

പരാമർശം:- ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 15.11.2017-ലെ എ 4-3781/17 നമ്പർ കത്ത്.

**ഉത്തരവ്**

മഹാരാഷ്ട്രയിലെ പൂനയിലുള്ള സർക്കാർ പരിശീലന സ്ഥാപനമായ യെഷാദയിലേക്ക് ഇടുക്കി ജില്ലാ പഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമായി 2017 ഡിസംബർ 20 മുതൽ 23 വരെ കില സംഘടിപ്പിച്ചിട്ടുള്ള പഠനയാത്രക്ക് കിലയിൽ നിന്നും രണ്ടാം ക്ലാസ് എസി ട്രെയിൻ ചാർജ് അനുവദിച്ചിരുന്നുവെങ്കിലും ക്രിസ്തുമസ് സീസൺ ആയതിനാൽ ട്രെയിൻ ടിക്കറ്റ് ലഭിക്കാതെ വന്നതിനെ തുടർന്ന് വിമാന മാർഗ്ഗം യാത്ര ചെയ്യാൻ തീരുമാനിക്കുകയും ആയതിന് അധികമായി ചെലവ് വരുന്ന 94,540/- രൂപ ജില്ലാ പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം ജില്ലാ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച് ടിക്കറ്റ് എടുക്കുകയും ചെയ്തുവെന്നും, വിമാന യാത്രക്കായി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നും അധികമായി 94,540/- രൂപ ചെലവഴിച്ച, ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകണമെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി പരാമർശം പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂനയിലേക്കുള്ള പഠനയാത്രക്ക് വിമാന യാത്രക്കായി ടിക്കറ്റ് ബുക്ക് ചെയ്യുന്നതിന് തനത് ഫണ്ടിൽ നിന്നും അധികമായി 94,540/- രൂപ ചെലവഴിച്ച ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സിന്ധു എൽ.**

**സ്പെഷ്യൽ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്

അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ് ) തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ